KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

20-01-2010

# ഗ്രാഫിക് ഡിസൈനിംഗ്
# സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ഗ്രാഫിക് ഡിസൈനിംഗ് സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. വിവിധ ക്ഷണക്കത്തുകൾ, വിസിറ്റിംഗ് കാർഡുകൾ, ബാഡ്ജുകൾ, ബാനറുകൾ എന്നിവ രൂപകൽപന ചെയ്യുന്നതിനാണ് താത്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നത്.

ഗ്രാഫിക് ഡിസൈനിംഗിൽ അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉണ്ടാവണം. 2008 സെപ്റ്റംബർ മുതൽ 2009 നവംബർ വരെയുള്ള കാലയളവിൽ ഒരു സർക്കാർ സ്ഥാപനത്തിന്റെയെങ്കിലും ഡിസൈനിംഗ് ജോലികൾ ചെയ്തിട്ടുള്ളതും തിരുവനന്തപുരം നഗരത്തിൽ സ്വന്തമായി കമ്പ്യൂട്ടർവത്കൃത ഡിസൈനിംഗ് സംവിധാനമുള്ളതുമായ ഡിസൈനിംഗ് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്.

താത്പര്യമുള്ള സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വെബ്സൈറ്റായ www.ksacs.in ൽ നിന്നും വിശദവിവരങ്ങളും അപേക്ഷാഫാറവും ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കാവുന്നതാണ്. നിർദിഷ്ട മാതൃകയിലല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2010 ജനുവരി 23 ന് രാവിലെ പതിനൊന്ന് മണി.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**